പോലീസ് ഔട്ട്പോസ്റ്റുകൾ

153 (2142) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ഔട്ട്പോസ്റ്റുകൾ പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ഔട്ട്പോസ്റ്റുകളാണ് പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള 15 ഔട്ട്പോസ്റ്റുകൾ പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ബി)

1.	തലയോലപ്പറമ്പ്	-	കോട്ടയം
2.	മീനാക്ഷിപുരം	-	പാലക്കാട്
3.	വെച്ചൂർ	-	കോട്ടയം
4.	അഴിക്കോട്	-	തൃശൂർ
5.	കാടാമ്പുഴ	-	മലപ്പുറം
6.	പോത്തൻകോട്	-	തിരുവനന്തപുരം
7.	ഉടുമ്പൻചോല	-	ഇടുക്കി
8.	കടലുണ്ടി	-	കോഴിക്കോട്
9.	ഒറ്റശേഖരമംഗലം	-	തിരുവനന്തപുരം
10.	തൃപ്രയാർ	-	തൃശൂർ
11.	ഏനാത്ത്	-	പത്തനംതിട്ട
12.	യൂണിവേഴ്സിറ്റി ക്യാമ്പസ്	-	തിരുവനന്തപുരം
13.	മുണ്ടൂർ	-	പാലക്കാട്
14.	പോങ്ങുംമൂട്	-	തിരുവനന്തപുരം
15.	ആര്യങ്കോട്	-	തിരുവനന്തപുരം

മാറാട് സംഭവം നടന്ന ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാർ

154 (2144) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് ഉൾപ്പെടുന്ന ബേപ്പൂർ പോലീസ് സ്റ്റേഷനിൽ എത്ര ഉദ്യോഗസ്ഥരുണ്ട് ; അവരുടെ തസ്തിക തിരിച്ച് എണ്ണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly